പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6027

07/07/2014- ൽ മറുപടിക്ക് ഉണ്ടായിരുന്നത്

## കാലിത്തീറ്റ വിതരണ പദ്ധതി

ചോദ്യം

ശ്രീ. അൻവർ സാദത്ത്:

ശ്രീ.ജോസഫ് വാഴക്കൻ:

ശ്രീ. റ്റി.എൻ. പ്രതാപൻ:

ശ്രീ. ആർ. സെൽവരാജ് :

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) മൃഗസംരക്ഷണ വകുപ്പ് കാലിത്തീറ്റ വിതരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

എ) മൃഗസംരക്ഷണ വകുപ്പ് കാലിത്തീറ്റ വിതരണ പദ്ധതിക്ക് രൂപം നൽകിയിട്ടില്ല. എന്നാൽ മൃഗസംരക്ഷണ വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കൂടി ധനസഹായത്തോടെ നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് കന്നുകുട്ടികൾക്കുള്ള കാലിത്തീറ്റ വിതരണം. കൂടാതെ RKVY, ഇടുക്കി പാക്കേജ് , 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ എന്നീ പദ്ധതികളുടെ ധനസഹായം ഉപയോഗിച്ചും കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണം നടപ്പിലാക്കി വരുന്നു.

ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്നത്; വിശദമാക്കുമോ;

ഡി) പ്രസ്തുത പദ്ധതി അനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. വിശദാംശം ലഭ്യമാക്കുമോ?

**ബി) യും (സി)യും (ഡി) യും**

മെച്ചമായ പരിചരണത്തിലൂടെ ഒരു കന്നുകുട്ടി വളർന്ന് ഗർഭം ധരിച്ച് പ്രസവിച്ച് പശുവായി മാറുന്ന പ്രായം നേരത്തെ ആക്കുകയും, പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുകയും ചെയ്ത് അതുവഴി പാലുല്പാദനം വർദ്ധിപ്പിക്കുകയും പരിചരണ ചെലവ് കുറയ്ക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയുള്ള കന്നുകുട്ടി പരിപാലന പദ്ധതിയുടെ പ്രധാനഘടകമാണ് കന്നുകുട്ടികൾ

ക്കുള്ള കാലിത്തീറ്റ വിതരണം. RKVY പദ്ധതി മുഖേന നടപ്പിലാക്കിയ കന്നുകുട്ടികളെ ദത്തെടുക്കുന്ന പദ്ധതി, 13- ാം ധനകാര്യ കമ്മീഷൻ അവാർഡ് മൃഗസംരക്ഷണ പദ്ധതികളിൽ ഉൾപ്പെട്ട സുരഭി രക്ഷാ പദ്ധതി, 2014-15 സാമ്പത്തിക വർഷം 24 കോടി രൂപ വകകൊള്ളിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഗോവർദ്ധിനി പദ്ധതി എന്നിവയിൽ കാലിത്തീറ്റ വിതരണം പ്രധാന ഘടകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2013-14 ൽ വിവിധ പദ്ധതികളിൽപ്പെടുത്തി 56400 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്. ഒരു കന്നുകുട്ടിക്ക് പരമാവധി 12,500/- രൂപയാണ് സബ്സിഡിയായി നൽകുന്നത്.

സെക്ഷൻ ഓഫീസർ